പാലക്കാട് ജില്ലാ ബാങ്ക് ഭരണ സമിതി തെരഞ്ഞെടുപ്പ് സംബന്ധിച്ച വിധി

112 (4272) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതികൾ ഏതെങ്കിലും പിരിച്ചുവിട്ട്, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം ഏർപ്പെടുത്തുകയുണ്ടായോ ;

(ബി) എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ ;

(സി) പാലക്കാട് ജില്ലാ ബാങ്ക് ഭരണ സമിതി തെരഞ്ഞെടുപ്പ് സംബന്ധിച്ച മുൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചെയർമാൻ, സഹകരണ ആർബിട്രേഷൻ കോടതി മുമ്പാകെ ഫയൽ ചെയ്ത കേസ്സിൽ വിധി എന്തായിരുന്നു ;

(ഡി) കേസ് ഫയൽ ചെയ്ത തീയതിയും വിധി പ്രഖ്യാപിച്ച തീയതിയും വെളിപ്പെടുത്തുമോ ;

(ഇ) ആർബിട്രേഷൻ കോടതി വിധിക്കെതിരായി ഫയൽ ചെയ്യപ്പെച്ച കേസ്സിൽ വിധി എന്തായിരുന്നു. ;

(എഫ്) ഹൈക്കോടതി വിധി റിട്ടേണിംഗ് ഓഫീസർ നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ജി) പാലക്കാട് ജില്ലാ ബാങ്കിന്റെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിക്ക് അധികാരം ഏൽപ്പിച്ച് കൊടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം പ്രസക്തമല്ല.

(സി) കേസ്സ് തീർപ്പാക്കിയിട്ടില്ല. ഇടക്കാല ഉത്തരവുമാത്രമാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) ഫയൽ ചെയ്ത 28-4-2003-ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചത് 28-4-2003-ൽ

(ഇ) തെരഞ്ഞെടുപ്പ് ഫല പ്രഖ്യാപനം റദ്ദാക്കുകയും പുതിയ ഫല പ്രഖ്യാപനം നടത്തണമെന്നും ഉത്തരവായിട്ടുണ്ട്.

(എഫ്) ഇല്ല. ഡിവിഷൻ ബഞ്ചിൽ അപ്പീൽ ഹർജി ഫയൽ ചെയ്തതിനാൽ.

(ജി) 27-4-2003-ലെ തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം ബഹു. ഹൈക്കോടതി റദ്ദാക്കിയതിനാലും പുതിയ ഫലപ്രഖ്യാപനം നടന്നിട്ടില്ലാത്തതിനാലും.

LIBRARY ARCHIVES Kerala Legislative Assembly